# Athmaraksha.org

സ്വവർഗ്ഗഭോഗം, സ്വവർഗ്ഗവിവാഹം, ദുഷ്ട കൂട്ടുകെട്ടുകൾ

## വിവാഹം ദൈവം യോജിപ്പിച്ചതു പുരുഷനും സ്ത്രീയും തമ്മിൽ




ഞാൻ ഭൂമി ഉണ്ടാക്കി, അതിൽ മനുഷ്യനെ സൃഷ്ടിച്ചു. എന്റെ കരങ്ങളാണ് ആകാശത്തെ വിരിച്ചത്. ഞാൻ തന്നെയാണ് ആകാശസൈന്യങ്ങളോട് ആജ്ഞാപിച്ചതും (ഏശയ്യാ 45:12).

ഇക്കാരണത്താൽ പുരുഷൻ പിതാവിനെയും മാതാവിനെയും വിട്ട് ഭാര്യയോടു ചേർന്നിരിക്കും; അവർ ഇരുവരും ഏകശരീരമായിത്തീരും (മത്തായി 19:5).

നിന്റെ യൗവനത്തിലെ ഭാര്യ, അനുഗൃഹീതയായിരിക്കട്ടെ; അവളിൽ ആനന്ദം കൊള്ളുക (സുഭാഷിതങ്ങൾ 5:18).

ഉത്തമയായ ഭാര്യ ഭർത്താവിന്റെ കിരീടം; അപമാനം വരുത്തിവയ്ക്കുന്നവൾ അവന്റെ അസ്ഥികളിലെ അർബുദവും (സുഭാഷിതങ്ങൾ 12:4).

സൂര്യനു കീഴേ ദൈവം നിനക്കു നൽകിയിരിക്കുന്ന വ്യർഥമായ ജീവിതം നീ സ്നേഹിക്കുന്ന ഭാര്യയോടൊത്ത് ആസ്വദിക്കുക, കാരണം, അതു നിന്റെ ജീവിതത്തിന്റെയും സൂര്യനു കീഴേ നീ ചെയ്യുന്ന പ്രയത്നത്തിന്റെയും ഓഹരിയാണ് (സഭാപ്രസംഗകൻ 9:9).

ഞാൻ നിന്നെ സമൃദ്ധമായി അനുഗ്രഹിക്കും. നിന്റെ സന്തതികളെ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽത്തീരത്തിലെ മണൽത്തരിപോലെയും ഞാൻ വർധിപ്പിക്കും. ശത്രുവിന്റെ നഗരകവാടങ്ങൾ അവർ പിടിച്ചെടുക്കും (ഉൽപത്തി 22:17).

നിന്റെ ജീവിതം കർത്താവിനു ഭരമേൽപിക്കുക, കർത്താവിൽ വിശ്വാസമർപ്പിക്കുക;അവിടുന്നു നോക്കിക്കൊള്ളും (സങ്കീർത്തനങ്ങൾ 37:5).

അവൻ നിന്നെയും നിന്റെ കുടുംബത്തെയും സ്നേഹിക്കുകയും നിന്നോടുകൂടെ താമസിക്കാൻ ഇഷ്ടപ്പെടുകയും ചെയ്യുന്നതുകൊണ്ട്, ഞാൻ നിന്നെ പിരിഞ്ഞുപോവുകയില്ല (നിയമാവർത്തനം 15:16 ).